തീയതിയാണ് ആ ഷട്ടർ തുറക്കുന്നത്. അത്രയും സമയം വെള്ളം തിങ്ങി നിന്ന് കുട്ടനാട് പ്രദേശമാകെ തകർന്നു. കൃഷിയാകെ നശിച്ചു. കൃഷിക്കാർക്ക് നഷ്ടപരിഹാരം കൊടുക്കണമെന്നും വീടുനഷ്ടപ്പെട്ടവർക്ക് പുനരധിവാസ സഹായം കൊടുക്കണമെന്നും ആവശ്യപ്പെട്ടു. ഇതുപോലെ കുറ്റകരമായ നിലപാട് സ്വീകരിച്ച, ഷട്ടർ തുറക്കാതെ വെള്ളം ഉയർത്തിയ, ജില്ലാ കളക്ടർ അടക്കമുള്ള ആളുകളുടെ പേരിൽ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാനടക്കം കർഷകത്തൊഴിലാളികളുടെ ആലപ്പുഴ ജില്ലാ കമ്മിറ്റി ഒപ്പിട്ട നിവേദനം റവന്യൂ വകുപ്പുമന്ത്രിക്കും മുഖ്യമന്ത്രിക്കും എല്ലാം കൊടുത്തതാണ്. അവിടത്തെ കർഷകസംഘം, കേരളാകോൺഗ്രസ്സിന്റെ കർഷകയൂണിയൻ അതുപോലെതന്നെ പത്രങ്ങളെല്ലാം ഇത്തരത്തിൽ കുറ്റകരമായ നിലപാട് സ്വീകരിച്ചതിന്റെ ഫലമായിട്ടാണ് വെള്ളപ്പൊക്കമുണ്ടായതെന്ന് റിപ്പോർട്ടു ചെയ്തിട്ടുണ്ട്. യാതൊരു നടപടിയും ഇതിൽ ഉണ്ടായിട്ടില്ല. അതുകൊണ്ട് വീടു നഷ്ടപ്പെട്ടവർക്കും കൃഷി നഷ്ടപ്പെട്ടവർക്കും നഷ്ടപരിഹാരം കൊടുക്കണം. ഷട്ടറുകൾ തുറക്കാതെ കുട്ടനാടിനെയും ആലപ്പുഴ ജില്ലയെയും തകർത്ത ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടിയെടുക്കണം. വീടു നഷ്ടപ്പെട്ടവർക്ക് പുനരധിവാസ സഹായം നൽകണമെന്ന് ബഹുമാനപ്പെട്ട ഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയാണ്.

റവന്യൂവകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, തോട്ടപ്പള്ളി സ്പിൽവേയുടേയും തണ്ണീർമുക്കം ബണ്ടിന്റേയും ഷട്ടറുകൾ തുറക്കാതിരുന്നതിന്റെ ഫലമായിട്ടാണ് ഈ കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ കുട്ടനാട് വെള്ളപ്പൊക്കം ഉണ്ടായതെന്ന ആരോപണം ശരിയല്ല എന്നാണ് ഗവൺമെൻറിന് കിട്ടിയിരിക്കുന്ന റിപ്പോർട്ട്. തണ്ണീർമുക്കം ഷട്ടർ അടയ്ക്കുകയും തുറക്കുകയും ചെയ്യുന്നതിന് ഒരു തീരുമാനമെടുക്കാൻ രൂപീകരിച്ചിട്ടുള്ള കമ്മിറ്റിയുടെ തീരുമാനപ്രകാരം ആഗസ്റ്റ് 6, 7 തീയതികളിൽ ആകെയുള്ള 62 ഷട്ടറുകളിൽ 40 എണ്ണം മാത്രം അടയ്ക്കുകയുണ്ടായി. എന്നാൽ എട്ടാം തീയതി കനത്ത മഴയുണ്ടായതിനെത്തുടർന്ന് അടച്ച ഷട്ടറുകൾ തുറക്കാൻ സത്വര നടപടികൾ സ്വീകരിക്കുകയുണ്ടായി. ഇടയ്ക്കിടെ ഉണ്ടായ വൈദ്യുതി തടസ്സംമൂലം ഷട്ടറുകൾ തുറക്കാൻ കൂടുതൽ സമയം വേണ്ടി വന്നു. 8-ാം തീയതി പത്തെണ്ണവും 9-ാം തീയതി ആറെണ്ണവും 11-ാം തീയതി 24 എണ്ണവും ഷട്ടറുകൾ തുറക്കുകയുണ്ടായി. ഈ ദിവസങ്ങളിൽ തണ്ണീർമുക്കം ബണ്ടിന്റെ താഴെയുള്ള ഭാഗത്ത് കടലിൽ നിന്നും ഉള്ള വേലിയേറ്റ സമ്മർദ്ദത്തിന്റെ ഫലമായി ജലവിതാനം ഉയർന്നു നിന്നിരുന്നു. അതുകൊണ്ട് ഷട്ടറുകൾ മുഴുവൻ തുറന്നിരുന്നില്ലെങ്കിൽത്തന്നെയും മുകളിൽ നിന്നും കുട്ടനാടൻ പ്രദേശങ്ങളിൽ വെള്ളം താഴോട്ട് സുഗമമായി ഒഴുകാൻ സാദ്ധ്യമായിരുന്നില്ല. ഷട്ടർ തുറന്നപ്പോൾ ഉണ്ടായ അനുഭവം ഇതാണ്. അതുകൊണ്ട് ഏതാനും ഷട്ടറുകൾ തുറക്കാതിരുന്നതുമൂലമാണ് കുട്ടനാട് പ്രളയക്കെടുതികൾ ഉണ്ടായതെന്ന ധാരണ ശരിയല്ല. ഈ കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട എം. എൽ. എ. മാർ എല്ലാം ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഷട്ടർ തുറക്കാൻ കുറെ കാലതാമസമുണ്ടായെന്നുള്ളതു് ശരിയാണ്. എന്നാൽ ഈ വെള്ളപ്പൊക്കം ഇത്ര രൂക്ഷമായി ഉണ്ടാകാൻ കാരണം ഷട്ടറുകൾ തുറക്കാത്തതുകൊണ്ടാണെന്നുള്ള ആരോപണം ശരിയല്ല.

(3) പള്ളിപ്പുറം എൽ. പി. ബി. സ്കൂളിന് പുതിയ കെട്ടിടം

ശ്രീ. എം. എം. ഹസ്സൻ : സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ടതും കണ്ണിയാപുരം വിദ്യാഭ്യാസ ജില്ലയിൽപ്പെട്ടതുമായ പള്ളിപ്പുറം എൽ. പി. ബി. എസ്. പത്തെഴുപതു കൊല്ലക്കാലം പഴക്കമുള്ള ഒരു സർക്കാർ വിദ്യാല

LIBRARY ARCHIVES Kerala Legislative Assembly

യമാണ്. അതിന്റെ കെട്ടിടം എത്താണ്ട് നിലംപതിച്ചു. കുട്ടികളെ മരച്ചുവട്ടിലിരുത്തി പഠിപ്പിക്കുകയും പിന്നീട് അദ്ധ്യാപക രക്ഷാകർത്തൃ സംഘടനയുടെ സഹായത്തോടെ ഒരു വാടക കെട്ടിടത്തിൽ ഇപ്പോഴും അദ്ധ്യയനം നടത്തി വരികയുമാണ്. കഴിഞ്ഞ രണ്ടു വർഷമായി ഈ കെട്ടിടം അൺസേഫാണെന്നു റിപ്പോർട്ട് ചെയ്തതിനുശേഷം സ്കൂൾ അധികൃതർ വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാരുമായി കത്തിടപാടുകളും നടത്തുകയുണ്ടായി. അതുകൊണ്ട് അടിയന്തിരമായി അവിടെ ഒരു കെട്ടിടം പണിയണം. ഈ അദ്ധ്യയന വർഷം അതിന്റെ നടപടി സ്വീകരിച്ചാൽ അടുത്ത അദ്ധ്യയന വർഷത്തിലെങ്കിലും പുതിയ കെട്ടിടത്തിൽ അദ്ധ്യയനം നടത്താനുള്ള സൗകര്യം ഉണ്ടാക്കുന്നതിനുവേണ്ടി നടപടിയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ഈ പള്ളിപ്പുറം സ്കൂൾ ഇക്കഴിഞ്ഞ വെള്ളപ്പൊക്കക്കാലത്ത് തകർന്നുപോവുകയുണ്ടായി. വാടകകെട്ടിടത്തിലാണ് ഇപ്പോൾ അത് പ്രവർത്തിക്കുന്നത്. അതിന് പുതിയ കെടിടം തീർക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്. അത് നേരത്തേ ഉണ്ടായിരുന്ന പ്രയോറിറ്റി ലിസ്റ്റിൽ ഉണ്ട്. അത് ഒന്ന് റിവൈസ് ചെയ്ത് പുതിയ പ്രയോറിറ്റി ലിസ്റ്റ് ഉണ്ടാക്കുകയാണ്. അതിനകത്ത് ഈ സ്കൂളും ഉൾപ്പെടുത്തുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ സ്കൂൾ കെട്ടിടങ്ങൾ പണിചെയ്തുകൊടുത്തിരിക്കുന്ന നിയോജകമണ്ഡലമാണ് ശ്രീ. ഹസ്സന്റെ നിയോജകമണ്ഡലം. അതുകൊണ്ട് ശ്രീ. ഹസ്സന് കൂടുതൽ പരാതിയുണ്ടാകേണ്ട കാര്യമുണ്ടെന്നു എനിക്ക് തോന്നുന്നില്ല.

(4) കാസർകോട് ജില്ലാ ആശുപത്രിയുടെ വിപുലീകരണം

ശ്രീ. കെ. പുരുഷോത്തമൻ : സർ, കാസർകോട് ജില്ലാ ആശുപത്രി നിലവിൽ വന്നിട്ട് രണ്ടുവർഷത്തിലേറെയായി. മുമ്പുണ്ടായിരുന്ന താലൂക്ക് ആശുപത്രി മാറ്റിയാണ് ജില്ലാ ആശുപത്രി നിലവിൽ വന്നത്. ഒരു ജില്ലാ ആശുപത്രിയുടെ നിലവാരം ഇന്ന് ആ ആശുപത്രിക്ക് ഇല്ല. വളരെ തിരക്കേറിയ ഒരാശുപത്രിയാണത് നാനൂറിലേറെ inpatients ഉം 750 മുതൽ 1000 വരെ Out patients-ഉം ദിവസേനയുണ്ടാകും. ഇന്നുള്ള ബെഡ്ഡ് സ്ട്രെങ്ത് കേവലം 189 ആണ്. അത് 500 ആയിട്ടെങ്കിലും ഉയർത്തണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. കാഷ്വാലിറ്റി, ത്വക്ക് എന്നീ വിഭാഗങ്ങളിൽ പ്രവർത്തനം നടത്തുന്നില്ല. ജില്ലാ ആശുപത്രിക്കുള്ള പാറോൺ അനുസരിച്ചുള്ള സ്റ്റാഫോ മറ്റ് സൗകര്യങ്ങളോ ഇതുവരെ അനുവദിച്ചിട്ടില്ല. ഒരു അനസ്തേസിസ്റ്റ് പോലും അവിടെ ഇല്ല. ആശുപത്രി കെട്ടിടം പണിയുന്നതിന് സർക്കാർ ഭൂമി ട്രാൻസ്ഫർ ചെയ്യുന്നതിനുവേണ്ടി തഹസീൽദാർ സർക്കാരിലേക്ക് പ്രൊപ്പോസൽ അയച്ചിട്ടുണ്ട്. പക്ഷേ അതിൻമേൽ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. അതുപോലെ കാസർകോട് ഡി.എം.ഒ. ഓഫീസ് നിലവിൽ വന്നത് 2-7-1984-ൽ ആണ്. പാറ്റേൺ അനുസരിച്ചുള്ള സ്റ്റാഫിനെ അവിടെ നിയമിച്ചിട്ടില്ല. ജനറൽ സെക്ഷൻ, കെയർ ഫീഡിംഗ്, മലേറിയ ഹെൽത്ത് എഡ്യൂക്കേഷൻ, എഫ്.ഡബ്ളിയു പ്രോഗ്രം, സ്കൂൾ ഹെൽത്ത് പ്രോഗ്രാം എന്നീ വിഭാഗങ്ങളിലൊന്നും ആവശ്യത്തിന് സ്റ്റാഫില്ല. ഇവിടെ പ്രവർത്തനങ്ങൾ ഒന്നും നടക്കുന്നില്ല. പാറ്റേൺ അനുസരിച്ചുള്ള സ്റ്റാഫിനെ നിയമിച്ച് ജില്ലാ ആശുപത്രി പ്രവർത്തിപ്പിക്കണമെന്നഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly